**ശ്രദ്ധക്ഷണിക്കൽ**

തെരുവുനായ്ക്കളുടെ സംരക്ഷണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ജനങ്ങൾക്ക് ഏറെ ഭീഷണിയുയർത്തുന്ന ഒന്നാണ് തെരുവ് നായ്ക്കൾ. ഇവയുടെ എണ്ണം ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. കേരള സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളുണ്ട്. അവിടങ്ങളിൽ മിനിമം രണ്ടായിരം തെരുവ് നായ്ക്കളുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. അങ്ങനെയാവുമ്പോൾ മൊത്തം 18,82,000 തെരുവ് നായ്ക്കൾ ഇന്ന് കേരളത്തിലുണ്ട്. വർഷത്തിൽ ഒരു നായ രണ്ട് തവണ പ്രസവിക്കും. ഒരു പ്രസവത്തിൽത്തന്നെ ആറും ഏഴും കുട്ടികളാണുണ്ടാവുന്നത്. അവയെല്ലാം ഭക്ഷണം കിട്ടാതെ തെരുവിലേയ്ക്കിറങ്ങുകയാണ്. പല നായ്ക്കളും എല്ലുംതോലുമായി അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. അവയ്ക്ക് ആഹാരം കിട്ടാതെ വരുമ്പോൾ അവ മനുഷ്യനെ ആക്രമിക്കുകയാണ്. കഴിഞ്ഞ ആഴ്ച തിരുവനന്തപുരത്തും കൊല്ലം ജില്ലയിലെ കൊട്ടിയത്തും നായ്ക്കൾ ഒരോരുത്തരെ കടിച്ചുകൊല്ലുന്നതുപോലുള്ള സംഭവങ്ങൾ അനുദിനമുണ്ടാകുകയാണ്. കഴിഞ്ഞ

ആഴ്ച ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുമായി എന്റെ നിയോജകമണ്ഡലത്തിലെ ഒരു പരിപാടിക്ക് പോയപ്പോൾ അദ്ദേഹത്തിന്റെ വാഹനത്തിൽ അഞ്ച് തവണയാണ് അഞ്ച് നായ്ക്കൾ വന്നിടിച്ചത്. ഞാൻ ആ വണ്ടിയിൽ കയറിയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് പറഞ്ഞ് അദ്ദേഹം എന്നെ കളിയാക്കി. സംസ്ഥാനത്ത് അനുദിനം കണ്ടുവരുന്ന ഒരു കാഴ്ചയാണിത് എന്ന് ഞാൻ വളരെ ഗൗരവത്തോടെ പറയുകയാണ്. ഇരുചക്ര വാഹന യാത്രക്കാർക്കാണ് ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാവുന്നത്. ബൈക്കിൽ സഞ്ചരിക്കുന്ന സമയത്ത് പട്ടി കുറുകെ ചാടുകയും പെട്ടെന്ന് ബ്രേക്ക് പിടിക്കുകയും ചെയ്യുമ്പോൾ ബൈക്ക് മറിഞ്ഞ് പല അപകടങ്ങളുമുണ്ടായി ഇന്നും എഴുന്നേറ്റ് നിൽക്കാൻ കഴിയാത്ത നൂറുകണക്കിന് ആളുകൾ കേരളത്തിലുണ്ട്. ഇതുമൂലം നിരവധി മരണങ്ങളുമുണ്ടായിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് ആറ് മാസത്തിനുള്ളിൽ ലൈസൻസെടുക്കണമെന്നാണ് പറയുന്നത്. ഇപ്പോൾ ലൈസൻസെടുക്കാൻ ആരും മെനക്കെടുന്നില്ല. ബെൽറ്റ് കെട്ടിയ നായ്ക്കൾപോലും തെരുവിലിറങ്ങുകയാണ്. അങ്ങനെ നൂറുകണക്കിന് തെരുവ് നായ്ക്കൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്. വളർത്തുനായ്ക്കൾക്ക്

ലൈസൻസെടുക്കാത്തതുകൊണ്ട് ആളുകൾ തെരുവിലേയ്ക്ക് നായ്ക്കളെ അഴിച്ചുവിടുകയാണ്. അങ്ങനെ കുറേ ബുദ്ധിമുട്ടുകളുണ്ടാകുന്നു. ഭൂമിയുടെ അവകാശം മനുഷ്യന് മാത്രമല്ല, സകല ജീവജാലങ്ങൾക്കുമുള്ളതാണ്. അതുകൊണ്ട് നായ്ക്കളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. കേരള നിയമസഭയിൽ അക്കാര്യത്തിൽ ഒരു നിയമ നിർമ്മാണമുണ്ടാകണമെന്നതാണ് എന്റെ പ്രധാനപ്പെട്ട ആവശ്യം. വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിയമ നിർമ്മാണമുണ്ടാകണം. പാതിവഴിയിൽ നിലച്ചുപോയ അനിമൽ ബർത്ത് കൺട്രോൾ പദ്ധതി എല്ലാ ജില്ലകളിലുമുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹം എല്ലാ ജില്ലകൾക്കും അക്കാര്യത്തിൽ ഒരു ഇന്റിമേഷൻ നൽകിയാൽ അതിനാവശ്യമായ ക്രമീകരണമുണ്ടാകും. ഓരോ പഞ്ചായത്തിലും ഒരു ഇംപ്ലിമെന്റിംഗ് ഓഫീസറുണ്ട്. ആ ഓഫീസർ ആരാണെന്നോ അവരുടെ ജോലി എന്താണെന്നോ ആർക്കും മനസ്സിലാക്കാൻ കഴിയുന്നില്ല. മൃഗസംരക്ഷണ ഡോക്ടറായിരിക്കും ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നാണ് എനിക്ക് തോന്നുന്നത്. പക്ഷെ തെരുവ് നായ്ക്കളെ വന്ധ്യംകരണം

നടത്താൻ കഴിയുന്നില്ല. അഥവാ വന്ധ്യംകരണം നടത്തിയാൽ അവ ചോരയുമൊലിപ്പിച്ച് മുറിവുമായി തെരുവിലിറങ്ങുകയാണ്. ഇത് വലിയ അപകട സ്ഥിതിയാണ്. കേരളത്തിന്റെ ഒരു പൊതുസ്ഥിതി അതാണ്. ഇങ്ങനെ പുഴുവും ചോരയുമൊലിപ്പിച്ച് റോഡിലൂടെ പോകുമ്പോൾ ഇത് കണ്ടുകൊണ്ട് ഭക്ഷണം കഴിക്കാൻപോലും തോന്നില്ല. അങ്ങനെയുള്ള സ്ഥിതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കൊല്ലം ജില്ലയിൽ വന്ധ്യംകരണ പദ്ധതി തൊണ്ണൂറ്റിയഞ്ച് ശതമാനവും നടപ്പിലാക്കിയത് പന്മന ഗ്രാമപഞ്ചായത്ത് മാത്രമാണ് എന്നാണ് എനിക്ക് തോന്നുന്നത്. ആ പഞ്ചായത്ത് ആവശ്യമായ വന്ധ്യംകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി അവിടെ കുറെ നായ്ക്കളെ ഒഴിവാക്കാൻ കഴിഞ്ഞു. ഓരോ താലൂക്കുകളും അല്ലെങ്കിൽ ജില്ലകളും കേന്ദ്രീകരിച്ച്, നായ്ക്കൾക്കാവശ്യമായ സുരക്ഷിതത്വം ഒരുക്കുന്നതിന് ഷെൽട്ടറുകൾ സ്ഥാപിക്കണം. മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മുൻകയ്യെടുത്ത് ഷെൽട്ടറുകൾ സ്ഥാപിച്ചെങ്കിൽ മാത്രമേ നമുക്കിതിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുകയുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്..... പ്ലീസ്.....

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ചുരുക്കുകയാണ്, കൂടുതൽ പറയുന്നില്ല. അതുകൊണ്ട് ഇതിനാവശ്യമായ ക്രമീകരണമുണ്ടാകണം. നായ്ക്കൾ റോഡിന് കുറുകെ ചാടുമ്പോൾ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിന്റെ ഫലമായി പലർക്കും എഴുന്നേറ്റ് നിൽക്കാൻപോലും കഴിയാത്ത അവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നേരത്തേ ഞാൻ സൂചിപ്പിച്ച കണക്ക് പ്രകാരം 18,82,000 തെരുവ് നായ്ക്കൾ കേരളത്തിൽ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവത്തിലെടുത്ത്, അവയെ പാർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണം ഒരുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, വളരെ ശ്രദ്ധേയമായ വിഷയമാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. ഇവിടെ ഉന്നയിച്ചിരിക്കുന്നത്. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് അവയുടെ വംശവർദ്ധനവ് തടയുകയാണ് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം. ഇതിനായി സംസ്ഥാനത്ത് തെരുവുനായ്ക്കളിൽ എ.ബി.സി. (അനിമൽ ബെർത്ത് കൺട്രോൾ) പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. 2019-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത്

2.89 ലക്ഷം തെരുവുനായ്ക്കളാണ് ഇന്നുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 2017 മുതൽ സംസ്ഥാനത്ത് കുടുംബശ്രീയെയാണ് പദ്ധതി നിർവ്വഹണത്തിനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റുകൾ നായ്ക്കളെ പിടികൂടി എ.ബി.സി. സെന്ററുകളിൽ എത്തിക്കുകയും വന്ധ്യംകരണവും തുടർന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷമുള്ള പരിപാലനവും നടത്തിയശേഷം അവയെ എവിടെനിന്നാണോ പിടികൂടിയത് അതേ സ്ഥലത്തുതന്നെ തിരികെ വിടുകയുമാണ് ചെയ്യുന്നത്. 2001-ലെ കേന്ദ്ര നിയമമായ എ.ബി.സി. ഡോഗ് റൂൾ ആണ് ഇതിന്റെ അടിസ്ഥാനം. ശസ്ത്രക്രിയയ്ക്കുശേഷം നായ്ക്കളെ പാർപ്പിച്ച് അവരുടെ ജീവിതാവസാനംവരെ സംരക്ഷിക്കാൻ വകുപ്പുതലത്തിൽ സംവിധാനങ്ങളില്ല. ഈ വിഷയത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയും. നിലവിൽ ചില സന്നദ്ധ സംഘടനകൾ ഇപ്രകാരം ഷെൽട്ടറുകൾ നടത്തി നായ്ക്കളെ പാർപ്പിക്കുന്നുണ്ട്. ഈ മാതൃക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുകരിക്കാൻ കഴിയുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ എ.ബി.സി. പദ്ധതിക്കുവേണ്ടി കുടുംബശ്രീക്ക്

വിഹിതം കൈമാറാവുന്നതാണ് എന്ന തീരുമാനം ഹൈക്കോടതിയിൽ നിലവിലുള്ള 13204/2001-ാം നമ്പർ കേസിലെ 19-07-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഇപ്പോൾ തടഞ്ഞിരിക്കുകയാണ്. ഈ വിഷയത്തിലുള്ള കോടതിയുടെ തുടർനിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമെ സംസ്ഥാനത്ത് എ.ബി.സി. പദ്ധതി തുടർന്ന് നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണിത്. ഇത് നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും പദ്ധതി വിജയകരമാണെന്നതിനാൽ ഭാരത സർക്കാർ ഇന്ത്യയിലെ എല്ലാ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ആനിമൽ ബെർത്ത് കൺട്രോൾ റൂൾസ് 2001, സെക്ഷൻ 5 പ്രകാരം എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാക്കിയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ തെരുവുനായ്ക്കളെ അധിവസിപ്പിക്കൽ, അവയുടെ ആവാസ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്. നിലവിൽ പാലാ നഗരസഭയിൽ തെരുവുനായ്ക്കളെ അധിവസിപ്പിക്കുന്ന ഷെൽട്ടറുകളുണ്ട്. സമീപ കാലത്ത് തെരുവുകളിലും

പൊതുനിരത്തുകളിലും വൻതോതിൽ ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ഒരു വസ്തുതയാണ്. രാത്രികാലങ്ങളിൽ ഇത്തരം പ്രദേശങ്ങളിൽ തെരുവുനായ്ക്കൾ താവളമടിക്കുകയും രാത്രിയാത്രക്കാരെ കൂട്ടംചേർന്ന് ആക്രമിക്കുകയും ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളെ ആൾപ്പാർപ്പില്ലാത്ത സ്ഥലം കണ്ടെത്തി അവിടെ മാറ്റിപ്പാർപ്പിക്കുന്നത് സംബന്ധിച്ച് നിലവിലെ നിയമത്തിൽ വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഭേദഗതി വരുത്തേണ്ടതുണ്ട്. തെരുവുനായ്ക്കളെ മാറ്റിപ്പാർപ്പിക്കാൻ പര്യാപ്തമായ സ്ഥലം കണ്ടെത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ നിലവിൽ അവയെ എവിടെനിന്നാണോ പിടികൂടുന്നത് അതേ സ്ഥലത്തുതന്നെ വാക്സിനേഷനുശേഷം തിരികെ എത്തിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം നിയമിച്ച റിട്ട.ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരുവുനായ ആക്രമണത്തിന് ഇരയായവർക്ക്

നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കണമെന്നുള്ളത് കേരള മുനിസിപ്പാലിറ്റി ആക്ടിലും 1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് 08-08-2021-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തെരുവുനായ്ക്കളെയും വളർത്തുനായ്ക്കളെയും തമ്മിൽ തിരിച്ചറിയുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. തെരുവുനായ്ക്കളുടെ പുനരധിവാസ പദ്ധതി അതാത് തദ്ദേശഭരണ സ്ഥാപനതലത്തിൽതന്നെ നടപ്പിലാക്കുന്നതിനോ മറ്റ് പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ ആവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, ആനിമൽ വെൽഫെയർ ബോർഡ്, അംഗീകൃത ഏജൻസികൾ എന്നിവർ സംയുക്തമായി തീരുമാനമെടുക്കേണ്ടതാണ്. അതോടൊപ്പംതന്നെ നിലവിലെ ആനിമൽ വെൽഫെയർ ബോർഡിന്റെ മാനദണ്ഡങ്ങളനുസരിച്ച് ഷെൽട്ടർ ഹോമുകൾ നടത്താൻ സാധിക്കുന്ന സ്ഥലങ്ങളിൽ മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് അത് നടത്തുന്നതിനുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കൂടാതെ തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-08-2021-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനിമൽ വെൽഫെയർ ബോർഡ് പുനസംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, നമ്മളെല്ലാവരും താമസിക്കുന്ന എം.എൽ.എ. ഹോസ്റ്റലിന്റെ മുകളിൽ നായ്ക്കൾ ഒരോ മുറികളിലും ചാടിക്കയറുകയാണ്. ആ സ്ഥിതി വന്നപ്പോഴാണ് ഈ വിഷയം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഖാവ് വി. ശിവൻകുട്ടി ഈ വിഷയം സഭയിൽ ഉന്നയിച്ചത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അങ്ങ് ദയവായി ചോദ്യം ചോദിക്കു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, വന്ധ്യംകരണം നടത്തുന്നതിന് ആവശ്യമായ ഓപ്പറേഷൻ തീയേറ്ററുകളും അതുപോലെതന്നെ ഷെൽട്ടറുകളും എല്ലാ താലൂക്കിലും ജില്ലകളിലും സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ കോടതി ഉത്തരവിന്റെകൂടി അടിസ്ഥാനത്തിൽ മാത്രമെ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.